**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1632** **19-09-2025 - ൽ മറുപടിയ്ക്ക്**

**എരുമേലി തെക്ക് വില്ലേജിലെ വനംവകുപ്പിന്റെ കൈവശമുള്ള ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഉപയുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി തെക്ക് വില്ലേജിൽ വനം വകുപ്പിന്റെ കൈവശമുള്ള ബ്ലോക്ക് നമ്പർ 27-ലെ റീസർവേ 12(1) ൽ ഉൾപ്പെട്ട 1.8250 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി തിരികെ എടുത്ത് സർക്കാർ ആവശ്യങ്ങൾക്കായി വിനിയോഗിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 12/1 ൽ പ്പെട്ട1.8250ഹെക്ടർ സ്ഥലം വില്ലേജ് രേഖകൾ (റെലിസ്) പ്രകാരം " പുറമ്പോക്ക് ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി സ്ഥലത്ത് നിലവിൽ ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു. എന്നാൽ ടി ഭൂമിയുടെ ബി.റ്റി.ആർ പകർപ്പ്, എരുമേലി തെക്ക് വില്ലേജാഫീസിൽ ലഭ്യമല്ല. വസ്തുവിന്റെ ഉടമസ്ഥാവകാശം തിട്ടപ്പെടുത്തുന്നതിലേക്കായി സെൻട്രൽ സർവ്വെ ആഫീസ്, തിരുവനന്തപുരത്തിന് കത്ത് നൽകിയിരുന്നെങ്കിലും ആ കാര്യാലയത്തിലും ബി റ്റി ആർ പകർപ്പ് ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. ടി വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വ്യക്തത ഇല്ലാത്തതിനാൽ, ഉടമസ്ഥാവകാശം സംബന്ധിച്ച് വനം വകുപ്പിൽ നിന്നുള്ള രേഖകൾ സമർപ്പിക്കുന്നതിന് എരുമേലി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർക്ക് കത്ത് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ